*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

129th Issue – Volume 4, No. 10 ജാഗ്രത 27th March 2010

കെ.സി.ബി.സി സോഷ്യൽ ഹാർമണി ആൻഡ് വിജിലൻസ് കമ്മീഷൻ ചെയർമാൻ ബിഷപ് സ്റ്റാൻലി റോമൻ ഏവർക്കും ഈസ്റ്റർ ആശംസകൾ സ്നേഹപൂർവ്വം നേരുന്നു



**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## പ്രധാന വാർത്തകൾ

മദ്യക്കോള: പ്രക്ഷോഭം തുടങ്ങുമെന്ന് കെസിബിസി

---

മദ്യം വിറ്റുണ്ടാക്കുന്ന സമ്പത്ത് നാടിനു വേണ്ട:

മാർ ക്ലീമിസ് കാതോലിക്കാ ബാവ

---

മതസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സർക്കാർ കൈകടത്തരുത്: കെ.സി.ബി.സി

---

കുടുംബനവീകരണം കാലഘട്ടത്തിന്റെ ആവശ്യം:

മാർ ജോർജ്ജ് പുന്നക്കോട്ടിൽ

---

വിശ്വാസം വഴി ജീവിക്കുന്നവനാണ് നീതിമാൻ:

ആർച്ച് ബിഷപ്പ് സുസപാക്യം

## മദ്യക്കോള: പ്രക്ഷോഭം തുടങ്ങുമെന്ന് കെസിബിസി

മദ്യക്കോള വിതരണത്തിനു കേരളത്തിൽ അനുമതി നല്കുകയാണെങ്കിൽ ഇടതുപക്ഷ സർക്കാരിനെതിരേ ശക്തമായ പ്രക്ഷോഭപരിപാടികൾ ആരംഭിക്കാൻ കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ നിർവാഹക സമിതി യോഗം തീരുമാനിച്ചു. കേരളത്തിൽ മദ്യക്കോള വിപണനത്തിന് മുന്നോടിയായി മദ്യക്കമ്പനികൾ നിലവിലുള്ള മദ്യത്തിന്റെ അതേപേരിൽ കോളകൾ വിപണിയിലിറക്കിയ പശ്ചാത്തലത്തിലാണ് കെ.സി.ബി.സിയുടെ നിർവാഹകസമിതി അടിയന്തിരമായി സമ്മേളിച്ചത്. സ്ത്രീകളെയും കുട്ടികളെയും കൂടി മദ്യപാനത്തിന് അടിമകളാക്കുന്ന നീക്കമാണ് മദ്യക്കോള. അടുത്ത പൊതുതെരഞ്ഞെടുപ്പിന് മുമ്പ് ഐക്യജനാധിപത്യ മുന്നണിയും തങ്ങളുടെ മദ്യനയം പ്രഖ്യാപിക്കണമെന്നു കെ.സി.ബി.സി പ്രസിഡന്റ് ബിഷപ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജനറൽ സെക്രട്ടറി ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ ആവശ്യപ്പെട്ടു.

## മദ്യം വിറ്റുണ്ടാക്കുന്ന സമ്പത്ത് നാടിനു വേണ്ട: മാർ ക്ലീമിസ് കാതോലിക്കാ ബാവ




മദ്യം വിറ്റു കിട്ടുന്ന സമ്പത്ത് നാടിനു വേണ്ടെന്ന് മലങ്കര കത്തോലിക്കാ സഭ മേജർ ആർച്ച് ബിഷപ് മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. നമുക്കു വയലേലകളിൽ ഇറങ്ങി അധ്വാനിക്കാം. അതിന് താനും ഒപ്പമുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. മദ്യവിരുദ്ധ ജനകീയ മുന്നണി, കെസിബിസി മദ്യവിരുദ്ധ സമിതി, മദ്യ നിരോധന സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ മദ്യ നയത്തിനെതിരേ നടത്തിയ സെക്രട്ടേറിയറ്റ് ധർണ ഉദ്ഘാടനം ചെയ്യുകയായിരുന്നു കാതോലിക്കാബാവ. ദൈവത്തിന്റെ സ്വന്തം നാട് അനേകം കാര്യങ്ങളിൽ ലോകശ്രദ്ധ നേടിയിട്ടുണ്ട്. മനുഷ്യ വിഭവശേഷിയിൽ നാം ഒന്നാമതാണ്. എന്നാൽ അതെല്ലാം ഇല്ലാതാക്കുന്നതാണ് സർക്കാരിന്റെ മദ്യനയം. നമ്മുടെ സംസ്കാരത്തിന് കോടാലി വയ്ക്കുന്നതാണിത്. കുടുംബങ്ങളേയും സമൂഹത്തേയും യുവതലമുറയേയും നശിപ്പിക്കുന്ന ഈ മദ്യനയം എങ്ങനെ കേരളത്തെ രക്ഷിക്കുമെന്നും ആരെ തൃപ്തിപ്പെടുത്താനാണെന്നും ബാവ ചോദിച്ചു. മദ്യനയത്തിലൂടെ മനുഷ്യ വിഭവശേഷി എല്ലാ അർഥത്തിലും നഷ്ടപ്പെടുകയാണ്. കലഹിക്കുന്ന, ബുദ്ധിയില്ലാത്ത, ആർജവം ഇല്ലാത്ത യുവാക്കളെ ആർക്കു വേണം? അവരെക്കൊണ്ട് ആർക്കാണ് പ്രയോജനം? അതിനാൽ നാടിനോട് സ്നേഹമുള്ള എല്ലാവരും മദ്യനയത്തിനെതിരായി പ്രതികരിക്കണം. ആരും കൂട്ടുനിൽക്കരുത്. സെക്രട്ടേറിയറ്റ് ധർണ ആരുടേയും ഔദാര്യം പിടിച്ചുപറ്റാനോ അടവുനയത്തിന്റെ ഭാഗമോ അല്ലെന്ന് ബാവ പറഞ്ഞു. ഇനിയും മുഖ്യമന്ത്രിയാകാൻ സാധ്യതയുള്ള ഉമ്മൻ ചാണ്ടി സമരപ്പന്തലിൽ ഇരുന്ന കാര്യം ഓർക്കണമെന്നും ഇക്കാര്യത്തിൽ ശക്തമായ തീരുമാനം എടുക്കണമെന്നും ഉമ്മൻ ചാണ്ടിയെ ബാവ ഓർമിപ്പിച്ചു. എല്ലാ തിന്മയുടേയും പെറ്റമ്മയും പോറ്റമ്മയുമാണ് മദ്യമെന്ന് അധ്യക്ഷത വഹിച്ചു സംസാരിച്ച കെ.സി.ബി.സി പ്രസിഡന്റും മദ്യവിരുദ്ധ ജനകീയ മുന്നണി ചെയർമാനുമായ ബിഷപ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ് പറഞ്ഞു. കേരളത്തിൽ മദ്യത്തിന്റെ ആളോഹരി ഉപഭോഗം കൂടുകയാണ്. കുടിവെള്ള ക്ഷാമമാണിപ്പോൾ. വെള്ളത്തിനു പകരം അഞ്ചു ശതമാനം വീര്യമുള്ള കോള തരാം എന്നാണ് പറയുന്നത്. അങ്ങനെ ഈ സമൂഹത്തെ നശിപ്പിക്കാൻ അനുവദിക്കില്ല. സാമ്പത്തിക നേട്ടം ഉണ്ടാക്കാനാണിതെങ്കിൽ ആർക്കാണ് ലാഭം എന്നു ചിന്തിക്കണം. ജനനന്മയ്ക്കുവേണ്ടി പ്രവർത്തിക്കാൻ തെരഞ്ഞെടുക്കപ്പെട്ടവർ അതിൽനിന്ന് പിന്മാറുകയാണെങ്കിൽ കാലം അവരെ വച്ചുപൊറുപ്പിക്കില്ലെന്നും ബിഷപ് പറഞ്ഞു. കെ.സി.ബി.സി മദ്യവിരുദ്ധ സമിതി ചെയർമാൻ ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ, എംഎൽഎ മാരായ സി.എഫ് തോമസ്, ജോസഫ് എം. പുതുശേരി, തോമസ് ഉണ്ണിയാടൻ, എം.ഉമ്മർ, മദ്യനിരോധന സമിതി സംസ്ഥാന പ്രസിഡന്റ് ഫാ. തോമസ് തൈത്തോട്ടം, കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ സെക്രട്ടറി ഫാ.പോൾ കാരാച്ചിറ, മദ്യനിരോധന സമിതി സെക്രട്ടറി ഇയ്യാച്ചേരി കുഞ്ഞികൃഷ്ണൻ, മദ്യനിരോധന സമിതി ജനറൽ സെക്രട്ടറി പ്രസാദ് കുരുവിള, കെ.സി.ബി.സി മദ്യവിരുദ്ധ സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് യോഹന്നാൻ ആന്റണി, വൈദികർ, കന്യാസ്ത്രീകൾ

തുടങ്ങിയവർ ധർണയിൽ പങ്കെടുത്തു. പ്രോഗ്രാം ജനറൽ കൺവീനർ ഫാ.ജോൺ അരീക്കൽ സ്വാഗതവും കെ.സി.ബി.സി മദ്യവിരുദ്ധ സമിതി ദക്ഷിണ മേഖലാ ജനറൽ സെക്രട്ടറി വൈ.രാജു നന്ദിയും പറഞ്ഞു .മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്ന നടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി പറഞ്ഞു. ഒറ്റ ദിവസംകൊണ്ട് മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കാനാകില്ല. യുഡിഎഫ് സർക്കാരിന്റെ കാലത്ത് മദ്യത്തിന്റെ ഉപഭോഗം കുറച്ചുകൊണ്ടു വരാൻ ചാരായനിരോധനം ഏർപ്പെടുത്തിയെന്നും ഷാപ്പുകളുടെ എണ്ണം മൂന്നിലൊന്നായി ചുരുക്കിയെന്നും അദ്ദേഹം പറഞ്ഞു. വീര്യം കുറഞ്ഞ മദ്യം എന്തുകൊണ്ട് കൊടുത്തുകൂടാ എന്ന് ചിന്തിക്കുന്നവരുണ്ട്. മദ്യത്തിന് ഒരിക്കലും മാന്യത കൽപ്പിക്കാൻ പാടില്ല. അങ്ങനെ വന്നാൽ പുതിയ തലമുറ അതിന്റെ വഴിയെ പോകും. ഷാപ്പുകളുടെ എണ്ണം കുറയ്ക്കണം. അതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും സമ വായത്തിന് സർക്കാർ മുൻകൈ എടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

### മതസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ സർക്കാർ കൈകടത്തരുത്: കെ.സി.ബി.സി

മതസ്ഥാപനങ്ങളെ നിയന്ത്രണത്തിലാക്കി രാഷ്ട്രീയവത്കരിക്കാനുള്ള ഇടതു സർക്കാരിന്റെ ശ്രമം സ്വീകാര്യമല്ലെന്ന് കേരള കത്തോലിക്കാ മെത്രാൻ സമിതി അഭിപ്രായപ്പെട്ടു. നിരീശ്വരവാദ പ്രത്യയശാസ്ത്രത്തിൽ വിശ്വസിക്കുന്ന സംസ്ഥാന സർക്കാർ മത-ധർമ സ്ഥാപനങ്ങളെയും ഈശ്വരവിശ്വാസികളെയും പീഡിപ്പിക്കുന്ന നയമാണ് സ്വീകരിക്കുന്നത്. ഭരണപരിഷ്കാരങ്ങളിലൂടെ ദൈവവിശ്വാസം ഉന്മൂലനം ചെയ്യാനാണ് സർക്കാർ പരിശ്രമിക്കുന്നത്. മതവിശ്വാസത്തെയും ഈശ്വരവിശ്വാസികളെയും ബാധിക്കുന്ന നിയമനിർമാണങ്ങൾ നടത്തുമ്പോൾ മതനേതാക്കളോടും വിശ്വാസികളുടെ പ്രതിനിധികളോടും ആലോചിച്ചും അവരെ വിശ്വാസത്തിലെടുത്തും സമവായം ഉണ്ടാക്കുവാൻ ജനാധിപത്യ സർക്കാരുകൾ ശ്രദ്ധിക്കണമെന്നും കെ.സി.ബി.സി നിർദേശിച്ചു. ഹൈന്ദവ സഹോദരങ്ങളുടെ വികാരങ്ങളെ വ്രണപ്പെടുത്തിയും അവരുടെ നേതാക്കളുമായി ആലോചിക്കാതെയുമാണ് പുതിയ ദേവസ്വം ബിൽ അടിച്ചേല്പിക്കാൻ ശ്രമിക്കുന്നതെങ്കിൽ അത് ഉചിതമല്ല. പുതിയ നിയമങ്ങളിലൂടെ വിശ്വാസ പ്രമാണങ്ങളെയും ആരാധനാ സമ്പ്രദായങ്ങളെയും തകർക്കാനുള്ള ശ്രമങ്ങൾ ന്യായീകരിക്കാനാവില്ല. ഭാരതത്തിന്റെ ഭരണഘടന ഉറപ്പുനല്കിയിട്ടുള്ളതനുസരിച്ച് ഈശ്വരവിശ്വാസികളെ ബാധിക്കുന്ന നിയമങ്ങൾ നിർമിക്കാനും നടപ്പാക്കാനും ദൈവവിശ്വാസികൾക്കും ആത്മീയ നേതൃത്വത്തിനുമാണ് അവകാശമുള്ളതെന്ന് കെ.സി.ബി.സി പ്രസിഡന്റ് ബിഷപ് ഡോ.ജോഷ്വാ മാർ ഇഗ്നാത്തിയോസ്, ജനറൽ സെക്രട്ടറി ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത് എന്നിവർ സംയുക്ത പ്രസ്താവനയിൽ വ്യക്തമാക്കി.

### കുടുംബനവീകരണം കാലഘട്ടത്തിന്റെ ആവശ്യം: മാർ ജോർജ്ജ് പുന്നക്കോട്ടിൽ



കുടുംബങ്ങൾ സങ്കീർണപ്രശ്നങ്ങളിലൂടെ കടന്നുപോകുന്ന കാലഘട്ടത്തിൽ കുടുംബനവീകരണം അത്യാവശ്യമാണെന്ന് ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ. കുടുംബശാക്തീകരണ വർഷാചരണത്തിന്റെ കോതമംഗലം രൂപതാതല ഉദ്ഘാടനം സെന്റ് ജോർജ് കത്തീഡ്രലിൽ നിർവഹിക്കുകയായിരുന്നു ബിഷപ്. പരസ്പര ബന്ധമില്ലാത്ത വ്യക്തികളുടെ കൂട്ടായ്മയല്ല, മറിച്ച് പരസ്പരം സ്നേഹിക്കുകയും പങ്കുവയ്ക്കുകയും സമർപ്പിക്കുകയും ചെയ്യുന്നവരുടെ കൂട്ടായ്മയാണ് കുടുംബം. കുടുംബങ്ങളിൽ നിന്നാണ് കുഞ്ഞുങ്ങൾ സ്നേഹിക്കാൻ പരിശീലിക്കുകയും ദൈവത്തെ അനുഭവിച്ച് വളരുകയും ചെയ്യേണ്ടത്. ജീവന്റെയും സ്നേഹത്തിന്റെയും കൂടാരങ്ങളായി കുടുംബങ്ങൾ രൂപാന്തരപ്പെടണം. കുടുംബ നവീകരണത്തിനുതകുന്ന വിവിധ പ്രവർത്തനങ്ങൾ രൂപതയിൽ ഈ വർഷം നടത്തുമെന്നും ബിഷപ് പറഞ്ഞു. രൂപത വികാരി ജനറാൾ മോൺ. ഫ്രാൻസിസ് ആലപ്പാട്ട്, കത്തീഡ്രൽ വികാരി റവ. ഡോ. തോമസ് പെരിയപ്പുറം, ഫാമിലി അപ്പസ്തലേറ്റ് രൂപത ഡയറക്ടർ റവ. ഡോ. ജോസഫ് കൊച്ചുപറമ്പിൽ, രൂപത കോ - ഓർഡിനേറ്റർ കുര്യച്ചൻ കണ്ടത്തിൽ, കോതമംഗലം ഫൊറോനാ പ്രസിഡന്റ് തോമസ് ഓലിയപ്പുറം, മൂവാറ്റുപുഴ ഫൊറോനാ പ്രസിഡന്റ് അഡ്വ. തോമസ് മാത്യു എന്നിവർ പങ്കെടുത്തു.

## വിശ്വാസം വഴി ജീവിക്കുന്നവനാണ് നീതിമാൻ: ആർച്ച് ബിഷപ്പ് സുസപാക്യം



വിശ്വാസം വഴി ജീവിക്കുന്നവനെയാണ് വി.ഗ്രന്ഥം നീതിമാനായി കണക്കാക്കുന്നതെന്ന് ലത്തീൻ അതിരൂപതാ ആർച്ച് ബിഷപ്പ് ഡോ.എം. സുസപാക്യം പാളയം സെന്റ് ജോസഫ്സ് മെട്രോപോളിറ്റൻ കത്തിഡ്രലിലെ ഇടവക മധ്യസ്ഥ തിരുനാളിൽ വചന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. വി.യൗസേപ്പിനെ വി.ഗ്രന്ഥം ചിത്രികരിക്കുന്നത് നീതിമാൻ എന്നാണ്. നീതിമാൻ എന്നാൽ വിശ്വാസം വഴി ജീവിക്കുന്നവൻ എന്ന് വി.ഗ്രന്ഥം നാലു സ്ഥലത്ത് പറയുന്നു. വിശ്വാസം വഴി ജീവിക്കുക എന്നാൽ അത് ഒന്നാമതായി ദൈവത്തിന്റെ നന്മയിൽ വിശ്വാസിച്ചുള്ള ജീവിതമാണ്. ജിവിതത്തിൽ ഉണ്ടാകുന്ന എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്ന നല്ല പിതാവാണ് ദൈവം. പഴയ നിയമത്തിൽ 17 തവണയാണ് ദൈവത്തെ പിതാവായി ചിത്രീകരിക്കുന്നതെങ്കിൽ പുതിയ നിയമത്തിൽ 107 തവണ ചിത്രീകരിക്കുന്നു. ദുഷ്ടരായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല സമ്മാനം നൽകുന്നു എങ്കിൽ സ്വർഗസ്ഥനായ പിതാവ് എത്രയോ അധികമായി പിരിശുദ്ധാത്മാവിനെ നൽകാതിരിക്കില്ല എന്ന് യേശു ചോദിക്കുന്നു. വിശ്വാസം വഴി ജീവിക്കുക എന്നാൽ രണ്ടാമതായി അത് മനുഷ്യരുടെ നന്മയിലുള്ള വിശ്വാസമാണ്. ഓരോ മനുഷ്യനിലും നാം കാണാത്ത ഒരു ലോകമുണ്ട്. അതു കാണാനായാലാണ് നമുക്കവരെ മനസിലാക്കാനാവുക. ഒരിക്കൽ ഒരപ്പനും രണ്ടു കുഞ്ഞുങ്ങളും തിവണ്ടിയിൽ യാത്ര ചെയ്യുകയായിരുന്നു. കുഞ്ഞുങ്ങൾ തമ്മിലുള്ള കളിയും ചിരിയും ഇതര യാത്രക്കാർക്ക് അസഹ്യമായി. അലക്ഷ്യമായി ഇരിക്കുന്ന അപ്പനെ അവർ സമീപിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു. ഈ കുഞ്ഞുങ്ങളുടെ അമ്മ മരിച്ചിട്ട് ഇന്ന് നാലായി. ഇതുവരെ അവർ അമ്മയെ വിളിച്ചു കരയുകയായിരുന്നു. അതുകൊണ്ട് അവരുമായി എന്റെ വീട്ടിലേക്കു പോവുകയാണ്. എത്രയോ ദിവസം കൂടി ഇപ്പോഴാണ് അവർ ചിരിക്കുന്നത്. അതുകേട്ട സഹയാത്രികർക്കു കുട്ടികളുടെ കളികൾ ഒരു സന്തോഷമായി മാറി. വിധിക്കുന്നതിനുമുമ്പ് നാം കാണാത്ത ലോകം കാണുവാൻ നമുക്കായാൽ വിധികളില്ലാതാവും. വിശ്വാസം വഴിയുള്ള ജിവിതം എന്നാൽ മൂന്നാമത് ലോകത്തിലും സ്വന്തം ജീവിതാനുഭവങ്ങളിലും ഉള്ള നന്മയിലുള്ള വിശ്വാസമാണ്. ഈജിപ്തിലേക്കു കുഞ്ഞിനു വേണ്ടി ഒളിച്ചോടുമ്പോൾ പ്രയാണത്തെക്കുറിച്ചല്ല, ഹേറോദേസിന്റെ ഉദ്ദേശ്യത്തെ മുൻകൂട്ടി അറിവു തന്ന ദൈവത്തിന്റെ സ്നേഹമാണ് യൗസേപ്പ് കണ്ടത്. ജീവിതാനുഭവങ്ങളിൽ ഇങ്ങനെ നന്മ കാണാനാവുന്നവനാണ് വിശ്വാസത്തിലൂടെ ജീവിക്കുന്നവൻ.

*******


**"Jagratha News"** – An internet news service is free and for private circulation

**Web:** jagrathakcbc.blogspot.com.

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA